"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കണ്ണാടി ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എ.(ഇംഗ്ലീഷ്) ശ്രീമതി.ആശ ടി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.19484/2021-ന്റെ 27.07.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.4330/2024/GEDN തീയതി,തിരുവനന്തപുരം, 11-07-2024**

പരാമർശം:- 1. WP(C)No.19484/2021-ന്റെ 27.07.2023-ലെ വിധിന്യായം

2. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 22.11.2023-ലെ ബി4/3651/2023 നമ്പർ കത്ത്

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.11.2023-ലെ ഇഎം1/14412/2023/ഡിജിഇ നമ്പർ കത്ത്

4 പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ DDEPKD/10102/2021-B4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് കണ്ണാടി ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എ.(ഇംഗ്ലീഷ്) ശ്രീമതി.ആശ ടി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.19484/2021-ന്റെ 27.07.2023-ലെ വിധിന്യായത്തിൽ, EXT P7 (G.O.(Rt)No.713/2021/GEDN dated 27.01.2021) set aside ചെയ്യുകയും, ഹർജിക്കാരിയെയും മാനേജരെയും കേൾക്കുന്നതിനും, ഹർ ജിക്കാരിയെ 23.02.2012 വരെ റഗുലർ വേക്കൻസിയിലും അതിനുശേഷം അഡീഷണൽ ഡിവിഷൻ വേക്കൻസിയിലും നിയമിച്ചിട്ടുള്ള വസ്തുത കണക്കിലെടുത്തും G.O.(P)No.10/10 dated 12.01.2010 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചതായി കണക്കാക്കിയും തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക്

നിർ ദ്ദേശം നല്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട കക്ഷികളെ 25.11.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2) ഹർജിക്കാരിയായ ശ്രീമതി.ആശ റ്റി.യുടെ അപേക്ഷ ഇപ്രകാരമാണ്:**

"ഹർജിക്കാരി കണ്ണാടി ഹയർ സെക്കൻഡറി സ്കൂളിൽ 19.12.2011 മുതൽ എച്ച്.എസ്.എ. റഗുലറായി സേവനം ചെയ്തുവരുന്ന എച്ച്.എസ്.എ ഇംഗ്ലീഷ് അദ്ധ്യാപികയാണ്.

കേരള ഹൈക്കോടതിയുടെ 19484/2023 റിട്ട് ഹർജിയിലെ 27.07.2023-ലെ വിധിന്യായത്തിൽ സ.ഉ.നമ്പർ 713/2021 പൊ.വി.വ. തിയതി 27.1.2021 (എക്സിപിറ്റ് പി7 ) റദ്ദുചെയ്യുകയും ഹർജിക്കാരിയുടെ 19.12.2011 മുതൽക്കുള്ള റിട്ടയർമെന്റ് ഒഴിവിലെ എച്ച്.എസ്.എ(ഇംഗ്ലീഷ്) നിയമനം നിരസിച്ച ഉത്തരവ് പുന:പരിശോധനയ്ക്ക് വിധേയമാക്കി പുതിയ ഉത്തരവ് ഇറക്കണമെന്ന് സർക്കാരിന് നിർദ്ദേശം നല്കുകയും ചെയ്തിരുന്നു.

മാനേജർ ഹർജിക്കാരിയെ നിയമിച്ചത് 19.12.2011 മുതൽ 23.02.2012 വരെ, ശ്രീ.എം.എസ്.കുമാർ എച്ച്.എസ്.ടി(ഗണിതം) 31.3.2011-ൽ വിരമിച്ചപ്പോൾ ലഭ്യമായ എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ റഗുലർ വ്യവസ്ഥയിലാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബി4/2467/14 കെ.ഡിസ് തിയതി 26.05.2014 ഉത്തരവ് പ്രകാരം ഇത് ദിവസവേതനമാക്കി മാറ്റുകയായിരുന്നു. ഇത്തരം സ്ഥിരം തസ്തികയിലെ നിയമനത്തിന് കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14എ റൂൾ 4 9 പ്രകാരം വെക്കേഷൻ ശമ്പളത്തിനുൾപ്പെടെ അർഹതയുണ്ടെന്ന് സർക്കാർ കത്ത് നമ്പർ ജെ3/182/2017/പൊ.വി.വ. തിയതി 5.3.2018-ൽ വ്യക്തമാക്കിയിട്ടുമുണ്ട്.

ഹർജിക്കാരിയുടെ ആദ്യ നിയമനം 19.12.2011 തന്നെ റിട്ടയർമെൻറ് ഒഴിവിലായതുകൊണ്ട് 24.02.2012 മുതൽ 3.06.2012 വരെ ഒരു അധികതസ്തികയിലേക്ക് മാറ്റി നിയമിച്ചുകൊണ്ടുള്ള ഈ തെറ്റായ നടപടിയാണ് ഇത്രയും നീണ്ട നിയമപ്രശ്നങ്ങൾക്ക് കാരണമായത്. 04.06.2012 മുതൽ വീണ്ടും എം.എസ്.കുമാറിന്റെ റിട്ടയർമെൻറ് വേക്കൻസിയിൽ തന്നെയാണ് റഗുലർ നിയമനം നൽ കിയിട്ടുള്ളത് (04.06.2012 മുതൽക്കുള്ള നിയമനം അംഗീകരിച്ച ഉത്തരവ് ബി4/3920/12/കെ.ഡിസ് തിയതി 16.11.2012.) ഇതിനിടയിൽ അംഗീകരിക്കപ്പെടാതെ 24.02.2012 മുതൽ 03.06.2012 വരെയുള്ള നിയമനം കൂടി.

2010-11 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ 4 എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിട്ടുണ്ട്. ഇത്രയും തസ്തികകൾ തന്നെ തുടർന്നുള്ള വർഷങ്ങളിലും (തസ്തിക നിർണ്ണയം ഇല്ലാത്ത വർഷങ്ങൾ) തുടരുന്നു. ഈ തസ്തികയിൽ 19.12.2011 മുതൽ ജോലി ചെയ്തു വരുന്ന ഇംഗ്ലീഷ് അദ്ധ്യാപകർ താഴെ പറയുന്നവരാണ്.

1 . രജനി 2 . ശ്രീഭ 3 . നവ്യ ടി. (പുതിയ നിയമനം 19.12.2011) റെസിഗ്നേഷൻ വേക്കൻസി ശ്രീമതി. രശ്മി സി.

4. ആശ ടി. (പുതിയ നിയമനം 19.12.2011) വിരമിച്ച ഒഴിവ് ശ്രീ. എം.എസ്. കുമാർ

ഹർജിക്കാരിയുടെ ആദ്യ നിയമനത്തീയതിയായ 19.12.2011 മുതൽക്ക് റഗുലറായി തന്നെ സ്കൂൾ ഹാജർ പട്ടികയിൽ ഒപ്പ് വെച്ചിട്ടുള്ളതാണെന്ന് പ്രധാനാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഹൈക്കോടതിയിലെ റിട്ട് ഹർജി നമ്പർ 19484/2021-ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫയൽ ചെയ്ത കൗണ്ടർ അഫിഡവിറ്റിലും ഹർജിക്കാരിയുടെ നിയമനം 19.12.2011 മുതൽ ശ്രീ.എം.എസ്.കുമാർ എച്ച്.എസ്.ടി.(ഗണിതം) റിട്ടയർ ചെയ്തപ്പോൾ ഉണ്ടായ ഒഴിവിലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഹർജിക്കാരിക്ക് അവകാശപ്പെട്ടതും ഹർജിക്കാരിയെ ആദ്യം നിയമിച്ചതുമായ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) റിട്ടയർമെന്റ് ഒഴിവ് ലഭ്യമായിരിക്കെ കുറച്ച് സമയത്തേക്ക് 24.02.2012 മുതൽ 03.06.2012 അധികതസ്തികയിലേക്ക് മാറ്റിയ മാനേജരുടെ നടപടി റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റി ക്രമപ്പെടുത്തി ഹർജിക്കാരിയുടെ നിയമനം 19.12.2011 മുതൽക്ക് തന്നെ റഗുലറായി അംഗീകരിക്കേണ്ടതാണ്. തന്മൂലം ഹർജിക്കാരിക്ക് കെ-ടെറ്റ് പരീക്ഷ പാസ്സാവണം എന്ന നിബന്ധനയും ബാധകമാക്കാവുന്നതല്ല.

എക്സിബിറ്റ് പി 7-ന് ആധാരമായ 34643/2019 റിട്ട് ഹർജിയിലെ 18.12.2019 വിധിന്യായം തന്നെ ഹർജിക്കാരിയുടെ 19.12.2011 മുതൽക്കുള്ള റിട്ടയർമെന്റ് ഒഴിവിലെ നിയമനം "സ്നേഹ ചെറിയാൻ സ്റ്റേറ്റ് ഓഫ് കേരള എന്ന കോടതിവിധിയുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകണമെന്നാണ്.

സി.എ. നം. 1643/13 സ്നേഹ ചെറിയാൻ സ്റ്റേറ്റ് ഓഫ് കേരള എന്ന സുപ്രീം കോടതി വിധിന്യായം നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സ്ഥിരം തസ്തികയിൽ

നിയമിക്കപ്പെടുന്നവർക്ക് 8 മാസത്തെ സേവനകാലം ഇല്ലെങ്കിൽ കൂടി കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 (എ) റൂൾ 49 പ്രകാരം വെക്കേഷൻ ശമ്പളത്തോടെ അംഗീകാരം നൽകാമെന്ന് കാണിച്ച് സർക്കാർ സർക്കുലർ നമ്പർ 44977/ജെ2/2013യപൊ.വി.വ, തിയതി 14.10.2015 ഇറക്കിയിട്ടുള്ളതാണ്. എന്നാൽ സ്നേഹ ചെറിയാൻ സ്റ്റേറ്റ് ഓഫ് കേരള എന്ന സുപ്രീം കോടതി വിധിയുടെ അന്തസ്സത്ത പാലിക്കാതെയാണ് റദ്ദാക്കപ്പെട്ട എക്സിബിറ്റ് പി7 സ.ഉ. (ആർ.ടി) നം. 713/21 പൊ.വി.വ. തിയതി 27.1.2021 ഇറക്കിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ ഹർജിക്കാരിയുടെ നിയമനം 19.12.2011 മുതൽക്കു തന്നെ എം.എസ്.കുമാറിന്റെ റിട്ടയർമെന്റ് ഒഴിവിൽ തുടർച്ചയായി റഗുലർ വ്യവസ്ഥയിൽ അംഗീകരിച്ച് ഉത്തരവാകണമെന്നും 24.02.2012 മുതൽ 03.06.2012 വരെ എച്ച്.എസ്.ടി ഇംഗ്ലീഷ് അധികതസ്തികയിലേക്ക് മാറ്റി നിയമിച്ച മാനേജരുടെ നടപടി റദ്ദു ചെയ്ത് ഈ കാലഘട്ടത്തിലെ എന്റെ ലീൻ റിട്ടയർമെന്റ് വേക്കൻസിയിൽ തന്നെ നിലനിർത്തണമെന്നും സർക്കാരിനോട് വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.''

**3) സ്കൂൾ മാനേജർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:**

"ഹർജിക്കാരിയായ ശ്രീമതി.ആശ ടി.യെ മാനേജർ 19.12.2011 മുതൽ 23.02.2012 വരെയുള്ള റിട്ടയർമെന്റ് ഒഴിവിൽ നിയമിച്ചു. ഈ സ്കൂളിലെ എച്ച്.എസ്.എ (ഗണിതം) തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.എം.എസ്.കുമാർ 31.3.2011-ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തതിനെ തുടർന്നുണ്ടായ വ്യവസ്ഥാപിത ഒഴിവിലാണ് നിയമിച്ചത്. വിഷയാനുപാത പ്രകാരം വിരമിക്കൽ ഒഴിവിൽ എച്ച്.എസ്.എ(ഇംഗ്ലീഷ്) തസ്തികയിലാണ് നിയമനം നടത്തേണ്ടിയിരുന്നത് എന്ന് കാണുന്നു. അതിനാൽ വിഷയാനുപാതപ്രകാരമാണ് ഹർജിക്കാരിയെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ നിയമിച്ചത്. എന്നാൽ 19.12.2011 മുതൽ 23.02.2012 വരെയുള്ള നിയമനം ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകരിച്ചിട്ടുള്ളതെന്ന് നിയമന ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ Sneha Cherian Vs State of Kerala (2013(1)KLT 755) നമ്പർ കേസ്സിലെ വിധിന്യായത്തിന് അനുസൃതമായി സർക്കാർ പുറപ്പെടുവിച്ച 14.10.2015-ലെ 44977/J2/2013/G.Edn നമ്പർ കത്തിലെ തീരുമാനപ്രകാരം വിരമിക്കൽ ഒഴിവിലെ 19.12.2011 മുതൽ 23.02.2012 വരെയുള്ള നിയമനകാലയളവ് ഒരു അക്കാദമിക വർഷം അധികരിക്കുന്നതിനാൽ ശമ്പളസ്കെയിലിൽ തന്നെ അംഗീകരിക്കേണ്ടതാണ്.

19.12.2011 മുതൽ 23.02.2012 വരെയുള്ള ശമ്പളസ്കെയിലിൽ അംഗീകരിക്കപ്പെടേണ്ട മേൽപ്പറഞ്ഞ നിയമനത്തിന് ശേഷം ഹർജിക്കാരിയെ 24.02.2012 മുതൽ, 2009-ൽ അനുവദനീയമായ എച്ച്.എസ്.എ(ഇംഗ്ലീഷ്) തസ്തികയിൽ നിയമിച്ചതായി പരാമർശിക്കുന്നുണ്ട്. 24.02.2012 മുതലുള്ള നിയമനം 2010-ന് ശേഷം നടന്ന നിയമനമായതിനാൽ 12.01.2010-ലെ ജി.ഒ.(പി)10/2010/പൊ.വി.വ-ൽ പരാമർശിക്കുന്ന ബോണ്ട് സമർപ്പിച്ചിട്ടില്ല എങ്കിലും ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് ഉത്തരവാകണമെന്ന് കോടതി വിധിയിൽ നിർദ്ദേശിക്കുന്നുണ്ട്. 2006-2007 മുതൽ 2009-10 വരെ നിയമനനിരോധനം നിലനിൽക്കുകയും നിയമനനിരോധന കാലയളവുകളിൽ നിയമിക്കപ്പെട്ടവർക്ക് 12.01.2010-ലെ ഉത്തരവ് പ്രകാരം മാനേജർ ബോണ്ട് സമർപ്പിച്ചിട്ടില്ല എങ്കിൽക്കൂടി ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് നിയമനാംഗീകാരം നൽകാവുന്നതാണ് എന്നിരിക്കെ 24.02.2012 മുതൽ നിയമിക്കപ്പെട്ട സാഹചര്യത്തിൽ കോടതി വിധിയിലെ വ്യക്തമായ നിർദ്ദേശം കണക്കിലെടുത്ത് 24.02.2012 മുതലുള്ള അഡീഷണൽ എച്ച്.എസ്.എ(ഇംഗ്ലീഷ്) തസ്തികയിലെ നിയമനം ബോണ്ട് സമർപ്പിച്ചതായി പരിഗണനയിലെടുത്ത് നിയമനം അംഗീകരിക്കണമെന്ന് കോടതി നിർദ്ദേശം ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ ആയത് ഇപ്രകാരം നിയമനം അംഗീകരിക്കുന്നതിന് മാനേജർക്ക് ആക്ഷേപമില്ല എന്ന് അറിയിക്കട്ടെ.

ഹർജിക്കാരിയെ അതിനുശേഷം 04.06.2012 മുതൽ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തികയിൽ റഗുലർ അടിസ്ഥാനത്തിൽ നിയമിക്കുകയും 04.06.2012 മുതലുള്ള വിരമിക്കൽ ഒഴിവിലെ പ്രസ്തുത നിയമനം റഗുലർ അടിസ്ഥാനത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ പരിഗണനയിലെടുത്ത് ഹർജിക്കാരിയുടെ ആദ്യ നിയമനം 19.12.2011 മുതൽ 23.02.2012 വരെയുള്ള ഒരു അക്കാദമിക വർഷത്തിൽ കൂടുതലുള്ള നിയമനമായതിനാൽ ശമ്പളസ്കെയിലിൽ അംഗീകരിച്ച് ഉത്തരവാകാവുന്നതാണ്.

24.02.2012 മുതൽ 03.06.2012 വരെയുള്ള കാലയളവിലെ നിയമനം (04.06.2012 മുതൽ തുടർച്ചയായ നിയമനാംഗീകാരത്തോടെ തുടരുന്ന സാഹചര്യത്തിൽ) 2009-ൽ ഉണ്ടായ അഡീഷണൽ തസ്തികയിലാണ് എന്ന കോടതിവിധിയിലെ പരാമർശം പരിഗണനയിലെടുത്ത് ഈ കാലയളവിലെ നിയമനം

മാനേജർ ബോണ്ട് കൊടുത്തതായി പരിഗണിച്ച് (Deeming provision) അംഗീകരിക്കുന്ന കാര്യത്തിൽ മാനേജർക്ക് എതിരഭിപ്രായം ഇല്ല."

**4) പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു:**

"പാലക്കാട് കണ്ണാടി ഹൈസ്കൂളിലെ ശ്രീമതി.ടി.ആശയുടെ 19.12.2011 മുതൽ 23.02.2012 വരെയുള്ള എച്ച്.എസ്.എ.(ഇംഗ്ലീഷ്) നിയമനം ദിവസവേതനത്തിൽ അംഗീകരിച്ചു നൽകിയിരുന്നു. തുടർന്ന് 24.02.2012 മുതൽ 03.06.2012 വരെ വീണ്ടും ദിവസവേതനത്തിൽ നിയമനം നൽകിയെങ്കിലും ആയത് നിരസിക്കപ്പെട്ടു. തുടർന്ന് 04.06.2012 മുതൽ ശ്രീ.എം.എസ്.കുമാറിന്റെ റിട്ടയർമെന്റ് വേക്കൻസിയിൽ ശ്രീമതി.ടി.ആശയെ നിയമിച്ചത് അംഗീകരിക്കപ്പെട്ടു.

കണ്ണാടി ഹൈസ്കൂളിലെ എച്ച്.എസ്.എ.(ഗണിതം) അദ്ധ്യാപകനായ ശ്രീ.എം.എസ്.കുമാറിന് സ്കൂളിൽ എച്ച്.എസ്.ടി. ഗണിതം തസ്തികയിൽ നിലനിൽക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാനെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിൽ നിലനിർത്തിയിരുന്നു. ശ്രീ.എം.എസ്.കുമാർ 31.03.2011-ന് വിരമിച്ചതിനെ തുടർന്ന് വ്യവസ്ഥാപിതമായ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) ഒഴിവിലേയ്ക്ക് ശ്രീമതി.ആശ ടി.യെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) അദ്ധ്യാപികയായി 19.12.2011 മുതൽ 23.02.2012 വരെ മാനേജർ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും പ്രസ്തുത നിയമനം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് നമ്പർ ബി4/5384/2012 തിയ്യതി 03.09.2012 പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന കാരണങ്ങളാൽ നിരസിക്കുകയും ചെയ്യുകയുണ്ടായി.

നിയമന പ്രൊപ്പോസൽ 231 ദിവസം വൈകി സമർപ്പിച്ചതിനാലും, ആവശ്യമായ മറ്റ് പ്രമാണങ്ങൾ ഹാജരാക്കാത്തതിനാലും നിരസിക്കുകയുണ്ടായി. എന്നാൽ ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ഇ.എം.1/29451/2013/ഡി.പി.ഐ./കെ.ഡിസ്. തിയ്യതി 05.03.2014-ന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉത്തരവ് നമ്പർ ബി4/2467/2014 തിയ്യതി 26.05.2014 പ്രകാരം ടിയാരിയുടെ മേൽപ്പറഞ്ഞ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ 19.12.2011 മുതൽ 23.02.2012 വരെ അംഗീകരിച്ചു നൽകി.

ശ്രീമതി.ആശ ടി.യെ 24.02.2012 മുതൽ 2009-10 വർഷത്തെ അധികതസ്തികയിൽ നിയമിച്ചിരുന്നു. പ്രസ്തുത നിയമനം 2009-10 വർഷം അധികതസ്തിക അനുവദിക്കാത്തതു കൊണ്ടും ടിയാരിയുടെ നിയമനം അംഗീകരിക്കുന്നതിനുള്ള

വ്യവസ്ഥാപിതമായ ഒഴിവില്ലാത്തതു കൊണ്ടും ഉത്തരവ് നമ്പർ ബി4/1747/2012 തിയതി 23.04.2012 പ്രകാരം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. തുടർന്ന് മാനേജർ 04.06.2012 മുതൽ ശ്രീ.എം.എസ്.കുമാർ എച്ച്.എസ്.ടി. വിരമിച്ചതു മൂലമുണ്ടായിട്ടുള്ള റഗുലർ ഒഴിവിൽ ഹർജിക്കാരിയെ നിയമിക്കുകയും പ്രസ്തുത നിയമനം റഗുലർ സ്കെയിലിൽ അംഗീകരിച്ച് നൽകുകയും ചെയ്തു.

19.12.2011 മുതൽ 23.02.2012 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനവും 24.02.2012 മുതൽ അധികതസ്തികയിലുള്ള (തസ്തിക അനുവദിച്ചിട്ടില്ല) അംഗീകരിക്കപ്പെടാത്ത നിയമനവും ഉൾപ്പെടെ 2 സ്പെല്ലുകളിലായി നടത്തിയ നിയമനങ്ങൾ 19.12.2011 മുതൽ റഗുലർ സ്കെയിലിൽ അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് ഹർജിക്കാരി സർക്കാരിലേക്ക് റിവിഷൻ പെറ്റിഷൻ നൽകുകയും തുടർന്ന് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.34643/2019-ന്മേൽ 18.12.2019 തിയ്യതിയിലുള്ള വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി സർക്കാരിൽ സമർപ്പിച്ചിട്ടുള്ള റിവിഷൻ ഹർജി തീർപ്പാക്കി ടിയാരിയുടെ ആവശ്യം നിരസിച്ചുകൊണ്ട് സ.ഉ.(സാധാ)നം.713/2021/പൊ.വി.വ. തിയ്യതി 27.07.2021 പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

സ.ഉ.(സാധാ)നം.713/2021/പൊ.വി.വ. തിയ്യതി 27.07.2021-നെതിരെ ഹർജിക്കാരി ബഹു.ഹൈക്കോടതിയിൽ WP(C)No.19484/2021 ഫയൽ ചെയ്യുകയും ടിയാരിയുടെ 19.12.2011 മുതൽ 03.06.2012 വരെയുള്ള നിയമനം സ്നേഹ ചെറിയാൻ Vs. സ്റ്റേറ്റ് ഓഫ് കേരള കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും തുടർന്നുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും തുടർച്ചയായി അംഗീകരിച്ചു നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയുടെ 27.07.2023 തിയതിയിലെ വിധിന്യായം ഉണ്ടായിരിക്കുന്നു.

കണ്ണാടി എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ 19.12.2011 മുതൽ 23.02.2012 വരെയുള്ള ഹർജിക്കാരിയുടെ നിയമനം റഗുലർ ഒഴിവിലാണെങ്കിലും മാനേജർ ടിയാരിയെ നിയമിച്ചിട്ടുള്ളത് ദിവസവേതനാടിസ്ഥാനത്തിലാണ്. അത് ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. 24.02.2012 മുതൽ ഹർജിക്കാരിയെ അധികതസ്തികയിലാണ് നിയമിച്ചിട്ടുള്ളത്. 2009-10 വർഷം അധികതസ്തിക അനുവദിച്ചിട്ടില്ല എന്നതിനാൽ ഹർജിക്കാരിയെ നിയമിക്കുന്നതിന് വ്യവസ്ഥാപിതമായ ഒഴിവില്ല എന്ന കാരണത്താലാണ് ടിയാരിയുടെ 24.02.2012

മുതലുള്ള നിയമനം നിരസിച്ച് നൽകിയിട്ടുള്ളത്. കണ്ണാടി ഹൈസ്കൂളിന് 2009-10 വർഷത്തിൽ ബി4/4307/2009 തിയ്യതി 24.10.2009 പ്രകാരം അനുവദിച്ചിട്ടുള്ള തസ്തിക നിർണ്ണയ പ്രകാരം ആകെ 19 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ജി.ഒ.(പി) 199/2011/പൊ.വി.വ തിയതി 01.10.2011 പ്രകാരം 2009-10 വർഷത്തെ തസ്തികനിർണ്ണയം ഈ ഓഫീസിലെ ഉത്തരവ് നമ്പർ ബി4/10838/11 (ഡി) തിയ്യതി 07.01.2012 പ്രകാരം പരിഷ്കരിച്ച നൽകിയതിൽ 21 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. 22 തസ്തികയ്ക്ക് അർഹതയുള്ളതിനാൽ ഒരു എച്ച്.എസ്.ടി.(ഇംഗ്ലീഷ്) അധികതസ്തികയ്ക്ക് സാധ്യതയുണ്ടായിരുന്നുവെങ്കിലും ജി.ഒ.(പി).199/2011/പൊ.വി.വ. തീയതി 01.10.2011 പ്രകാരം തസ്തിക നിർണ്ണയം പരിഷ്കരിക്കുന്നത് പ്രസ്തുത സമയത്ത് അംഗീകാരമില്ലാത്ത അധ്യാപകർ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരെ ഉൾക്കൊള്ളിക്കുന്നതിന് മാത്രമായിരുന്നതിനാൽ ഇക്കാലയളവിൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തികയിൽ അംഗീകാരമില്ലാത്ത അധ്യാപകർ ആരും അധികതസ്തികയിൽ നിയമിതരായിട്ടില്ലാത്തതിനാൽ അധികതസ്തിക അനുവദിച്ച് നൽകിയിട്ടില്ല.

ഹർജിക്കാരി ഫയൽ ചെയ്തിട്ടുള്ള WP(C)No.19484/2021-ലെ കാര്യവിവരണ പത്രികയിലെ പാരഗ്രാഫ് 3-ൽ ടിയാരിയെ 19.12.2011 മുതൽ 23.02.2012 വരെ ശ്രീ.എം.എസ്.കുമാർ വിരമിച്ചതു മൂലമുണ്ടായ തസ്തികയിൽ നിയമിച്ചുവെന്നും 24.02.2012 മുതൽ അതേ തസ്തികയിൽ നിയമിച്ചുവെന്നും പറഞ്ഞിരിക്കുന്നു. എന്നാൽ 24.02.2012 മുതലുള്ള നിയമനം 2009-10 വർഷത്തെ അധികതസ്തികയിലാണ്. തസ്തിക നിർണ്ണയത്തിൽ അനുവദിച്ച് നൽകിയിട്ടില്ലാത്ത അധികതസ്തികയിലാണ് ഹർജിക്കാരിയുടെ നിയമനം എന്നതിനാൽ പ്രസ്തുത നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ചിരുന്നു. ബഹു.ഹൈക്കോടതിയുടെ 27.07.2023 തിയ്യതിയിലെ വിധിന്യായത്തിലെ പാരഗ്രാഫ് 4-ൽ ഇപ്രകാരം ഉത്തരവായിരിക്കുന്നു. “However, it is stated that the petitioner was appointed from 24.02.2012 in an additional division vacancy which arose in the academic year 2009-10 and that in view of the provisions of GO(P) No. 10/10/G.Edn dated 12.01.2010 the appointment could not be approved since the Manager had not executed a bond agreeing to fill up the next available post with a protected teacher. കൂടാതെ പാരഗ്രാഫ്(7)-ൽ “The 1$^{st}$ respondent shall consider the fact that the petitioner is appointed against a regular vacancy till 23.02.2012 and thereafter, was

appointed against an additional division vacancy which was admitted in existence" എന്നും വിധിന്യായത്തിൽ ഉത്തരവായിരിക്കുന്നു. വിധിന്യായത്തിൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരം 2009-10 വർഷം കണ്ണാടി എച്ച്.എസ്.ൽ എച്ച്.എസ്.ടി. ഇംഗ്ലീഷ് അധികതസ്തിക അനുവദിച്ച് നൽകുകയോ അപ്രകാരമുള്ള ഒരു ഒഴിവ് ഉണ്ടാകുകയോ ചെയ്തിട്ടില്ല. ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ 19.12.2011 മുതൽ 23.02.2012 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനവും 24.02.2012 മുതൽ അധികതസ്തികയിലുള്ള നിയമനവും റഗുലർ ആയി അംഗീകരിച്ച് നൽകുന്നതിന് കഴിയുകയില്ല എന്ന് അഭിപ്രായപ്പെടുന്നു."

**5)** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെയും മാനേജരുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. 19.12.2011 മുതൽ റിട്ടയർമെന്റ് വേക്കൻസിയിൽ നിയമിക്കപ്പെട്ട ഹർജിക്കാരിയുടെ നിയമനം 24.02.2012 മുതൽ 03.06.2012 വരെ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) അധികതസ്തികയിലേയ്ക്ക് ടിയാരിയെ മാറ്റി നിയമിച്ച നടപടി റദ്ദ് ചെയ്ത്, ടി കാലയളവിലെ ടിയാരിയുടെ ലീൻ റിട്ടയർമെന്റ് വേക്കൻസിയിൽ നിലനിർത്തി, നിയമനത്തീയതിയായ 19.12.2011 മുതൽ അംഗീകാരം നൽകണമെന്നതാണ് ഹർജിക്കാരിയുടെ ആവശ്യം. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ താഴെക്കൊടുക്കുന്നു:

(1) എച്ച്.എസ്.ടി. (ഗണിതം) ആയ ശ്രീ.എം.എസ്.കുമാറിന് ടി തസ്തികയിൽ നിലനിൽക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ, എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിൽ നിലനിർത്തുകയും ; ടിയാൻ 31.03.2011-ന് വിരമിക്കുകയും ചെയ്തു.

(2) ടി എച്ച്.എസ്.ടി. (ഇംഗ്ലീഷ്)-ന്റെ വ്യവസ്ഥാപിത ഒഴിവിൽ മാനേജർ ഹർജിക്കാരിയെ 19.12.2011 മുതൽ 23.02.2012 വരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും നിയമനാംഗീകാരം ലഭിക്കുകയും ചെയ്തു.

(3) 24.02.2012 മുതൽ മാനേജർ ടിയാരിയെ 2009-10 വർഷത്തെ അധികതസ്തികയിൽ നിയമിക്കുകയും; ടി വർഷം അധികതസ്തിക അനുവദിക്കാത്തതുകൊണ്ട് ടി നിയമനം നിരസിക്കപ്പെടുകയും ചെയ്തു.

( 4 ) തുടർന്ന്, മാനേജർ ടിയാരിക്ക് ശ്രീ.എം.എസ്.കുമാറിന്റെ വിരമിക്കൽ ഒഴിവിൽ 04.06.2012 മുതൽ റഗുലർ നിയമനം നൽകുകയും അംഗീകാരം ലഭിക്കുകയും ചെയ്തു.

( 5 ) ഹർ ജിക്കാരിക്ക് 19.12.2011 മുതൽ ശമ്പളസ്കെയിലിൽ നിയമനാംഗീകാരം നൽകണമെണന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത WP(C)No.34643/2019-ന്മേൽ പുറപ്പെടുവിച്ചിട്ടുള്ള 18.12.2019 തീയതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ടിയാരിയുടെ ആവശ്യം നിരസിച്ചുകൊണ്ട് 27.07.2021-ൽ G.O.(Rt)No.713/2021/GEDN പുറപ്പെടുവിച്ചു.

(6). ടി ഉത്തരവിനെതിരെ ടിയാരി ഫയൽ ചെയ്ത WP(C)No.19484/2021 ന്റെ 27.07.2023 തീയതി വിധിന്യായത്തിൽ ടി സർക്കാർ ഉത്തരവ് ബഹു. കോടതി set aside ചെയ്തിട്ടുണ്ട്.

**6)** ഇവിടെ ശ്രദ്ധേയമായ വിഷയം 19.12.2011 മുതൽ നിലനിൽക്കുന്ന വ്യവസ്ഥാപിത ഒഴിവിൽ മാനേജർ ഹർജിക്കാരിക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകുകയും; പിന്നീട്, അനുവദിച്ചിട്ടില്ലാത്ത അധികതസ്തികയിൽ മാറ്റി നിയമിക്കുകയും ചെയ്തിരിക്കുന്നു എന്നുള്ളതാണ്. മാനേജരുടെ ഭാഗത്തു നിന്നുള്ള തെറ്റായ സമീപനമാണ് ഹർജിക്കാരിക്ക് അർഹതപ്പെട്ട നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യത്തിലേയ്ക്ക് നയിച്ചിട്ടുള്ളത്. ഹർജിക്കാരിക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമന ഉത്തരവ് നൽകിയ നടപടി മാനേജരുടെ ഭാഗത്തു നിന്നും മന:പൂർവ്വമല്ലാതെ ഉണ്ടായ പിഴവാണെന്നും അതു മാപ്പാക്കണമെന്നും; 19.12.2011 മുതൽ തന്നെ ടി ഒഴിവ് വ്യവസ്ഥാപിതമാണെന്നും; ടി ഒഴിവിൽ മറ്റാരെയും നിയമിച്ചിട്ടില്ലെന്നും; അതിനാൽ ഹർ ജിക്കാരിക്ക് 19.12.2011 മുതൽ ശമ്പളസ്കെയിലിൽ നിയമനാംഗീകാരം നൽകി സഹായിക്കണമെന്നും മാനേജർ ഹിയറിംഗ് വേളയിൽ അഭ്യർത്ഥിച്ചു.

**7)** 2009-2010 വർഷം അധികതസ്തിക അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, ബഹു. കോടതി വിധിന്യായത്തിൽ നിർദ്ദേശിച്ച പ്രകാരം deemed provision ബാധകമാക്കേണ്ട സാഹചര്യം നിലനിൽക്കുന്നില്ല. 04.06.2012 മുതലുള്ള നിയമനത്തിന് അംഗീകാരം നൽകിയിട്ടുള്ള സാഹചര്യത്തിൽ, ടി വിരമിക്കൽ ഒഴിവിലെ 19.12.2011 മുതൽ 23.02.2012 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലെ നിയമനവും, 24.02.2012 മുതൽ 03.06.2012 വരെയുള്ള അധികതസ്തികയിലെ നിയമനവും ശ്രീ.എം.എസ്.കുമാറിന്റെ വിരമിക്കൽ ഒഴിവിൽ ക്രമീകരിച്ചും, ഹർജിക്കാരിക്ക്

ശമ്പളസ്കെയിലിൽ അംഗീകാരം നൽകാവുന്നതാണ്.

**8)** മേൽ സാഹചര്യത്തിൽ, 04.06.2012 മുതലുള്ള നിയമനത്തിന് അംഗീകാരം നൽകിയിട്ടുള്ളതിനാൽ, ശ്രീ.എം.എസ്.കുമാറിന്റെ വിരമിക്കൽ ഒഴിവിലെ 19.12.2011 മുതൽ 23.02.2012 വരെയുള്ള ദിവസവേതനാടിസ്ഥാനത്തിലെ നിയമനവും, 24.02.2012 മുതൽ 03.06.2012 വരെയുള്ള അധികതസ്തികയിലെ നിയമനവും ശ്രീ.എം.എസ്.കുമാറിന്റെ വിരമിക്കൽ ഒഴിവിൽ ക്രമീകരിച്ച്, ഹർജിക്കാരിക്ക് ശമ്പളസ്കെയിലിൽ അംഗീകാരം നൽകുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി, പാലക്കാട് കണ്ണാടി ഹയർ സെക്കൻഡറി സ്കൂളിലെ എച്ച്.എസ്.എ.(ഇംഗ്ലീഷ്) ശ്രീമതി.ആശ ടി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.19484/2021-ന്റെ 27.07.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, കണ്ണാടി ഹയർ സെക്കൻഡറി സ്കൂൾ, പാലക്കാട്
ശ്രീമതി.ആശ ടി., എച്ച്.എസ്.എ.(ഇംഗ്ലീഷ്), കണ്ണാടി ഹയർ സെക്കൻഡറി സ്കൂൾ, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ് (20.06.2024-ലെ GE-JA3/96/2024-G.EDN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (B2/12/2023/GEdn)

ഉത്തരവിൻ പ്രകാരം
Signed by
Shahnakumari S L
Date: 14-07-2024 15:11:35
സെക്ഷൻ ഓഫീസർ